പതിനാലാം കേരള നിയമസഭ

പതിനൊന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 1917 08.06.2018-ലെ മറുപടിക്ക്

## ട്രാവൽ കാർഡ്

ചോദ്യം

ശ്രീ. സി.മമ്മൂട്ടി

ഉത്തരം

ശ്രീ. എ.കെ. ശശീന്ദ്രൻ

(ഗതാഗത വകുപ്പ് മന്ത്രി)

| | | | |
|---|---|---|---|
| (എ) | കെ.എസ്.ആർ.ടി.സി. ഏർപ്പെടുത്തിയ ട്രാവൽ കാർഡ് സംവിധാനം കോർപ്പറേഷന് ഗുണകരമാണോ എന്ന് പരിശോധിച്ചിട്ടുണ്ടോ; | (എ) യും (ബി) യും | കൂടുതൽ യാത്രക്കാരെ കെ.എസ്.ആർ.ടി.സി ബസ്സുകളിലേയ്ക്ക് ആകർഷിക്കുന്നതിനും പണരഹിത ഇടപാടുകൾ പ്രോത്സാഹിപ്പിക്കുന്നതിനും വേണ്ടിയാണ് ട്രാവൽ കാർഡ് പദ്ധതി ആവിഷ്കരിച്ചത്. ഇത് പ്രകാരം പ്രതിമാസം ഒരു നിശ്ചിത തുക ഈടാക്കി കൊണ്ട് അനുവദിച്ചിട്ടുള്ള ശ്രേണിയിലെ ബസ്സുകളിൽ പരിധിയില്ലാതെ യാത്ര ചെയ്യുന്നതിനാണ് അനുമതി നൽകിയിരുന്നത്. സ്ഥിരം യാത്രക്കാർക്ക് ടിക്കറ്റ് മൂല്യത്തേക്കാൾ കൂടുതൽ തുകയ്ക്ക് ഈ കാർഡുകൾ ഉപയോഗിച്ച് യാത്ര ചെയ്യുന്നതിന് അനുവദിച്ചിരുന്നു. 1000 രൂപ, 1500 രൂപ, 3000 രൂപ, 5000 രൂപ എന്നീ വിഭാഗങ്ങളിലാണ് പ്രസ്തുത കാർഡുകൾ നിലവിൽ ഉണ്ടായിരുന്നത്.<br>ട്രാവൽ കാർഡിന്റെ മൂല്യത്തേക്കാൾ കൂടിയ തുകയ്ക്ക് പലരും യാത്ര ചെയ്യുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. കൂടാതെ 2018 മാർച്ച് മുതൽ ബസ് ടിക്കറ്റ് നിരക്ക് വർദ്ധിച്ചിട്ടുണ്ട്. ഈ കാരണത്താൽ ട്രാവൽ കാർഡുകൾ കോർപ്പറേഷന് നഷ്ടം വരുത്തുന്ന സാഹചര്യത്തിൽ ഈ സംവിധാനം താൽക്കാലികമായി പിൻവലിച്ചിരിക്കുകയാണ്. |
| (ബി) | ട്രാവൽ കാർഡിന്റെ മൂല്യത്തേക്കാൾ കൂടിയ തുകയ്ക്ക് പലരും യാത്ര ചെയ്യുന്നുണ്ടെന്ന വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | | |
| (സി) | എങ്കിൽ കാലോചിതമായി ഇവ പരിഷ്കരിക്കുവാൻ ആവശ്യമായ നടപടി സ്വീകരിക്കുമോ? | (സി) | ട്രാവൽ കാർഡുകൾക്ക് പകരമായി Closed loop RFID Smart Card-കൾ നടപ്പിലാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.. |

സെക്ഷൻ ഓഫീസർ